"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പത്തനംതിട്ട, കൊല്ലം, കോഴിക്കോട് ജില്ല ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന സിവിൽ എഞ്ചിനീയർമാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2323/2024/LSGD തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-

1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.07.2021 ലെ എൽഎം/ഇഡബ്ല്യു/20/ജനറൽ/2019 നമ്പർ ഉത്തരവ്.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.07.2022 ലെ എൽഎം/ഇഡബ്ല്യു/20/ജനറൽ/2019 നമ്പർ ഉത്തരവ്
3. സ.ഉ(സാധാ) നം 1831/2023/തസ്വഭവ തീയതി 16/09/2023
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/07/2024 ലെ എൽ.എം/ഇഡബ്ല്യു/20/ജനറൽ/2019(1) നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ ജില്ല തലത്തിൽ 3 സിവിൽ എഞ്ചിനീയർമാരെ കരാറടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം നിയമിക്കുകയും, ടിയാരുടെ സേവന കാലാവധി പരാമർശം 2, 3 പ്രകാരം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. വിവിധ ജില്ലകളിലെ പ്രീഫാബ് ഭവന സമുച്ചയങ്ങൾ (ലൈഫ് ടവറുകൾ) പൂർത്തീകരിക്കുന്നതിന് ജില്ലാ ഓഫീസുകളിലെ സിവിൽ എഞ്ചിനീയർമാരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും, പത്തനംതിട്ട, കൊല്ലം, കോഴിക്കോട് ജില്ലാതല സിവിൽ എൻജിനീയർമാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം 4 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ അഭ്യർത്ഥിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .ലൈഫ് മിഷനിൽ സിവിൽ എഞ്ചിനീയർ തസ്തികയിൽ ജോലി നോക്കുന്ന താത്കാലിക ജീവനക്കാരുടെ കരാർ കാലാവധി

(മൂന്നാം വർഷം), കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, ചുവടെ ചേർക്കും പ്രകാരം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | പേരും, തസ്തികയും | കരാർ കാലാവധി അവസാനിക്കുന്ന ദിവസം | കരാർ ദീർഘിപ്പിച്ചു നൽകേണ്ട തീയതി |
|---|---|---|---|
| 1 | അശ്വതി സുരേന്ദ്രൻ<br><br>ഡിസ്ട്രിറ്റ് ലെവൽ സിവിൽ എഞ്ചിനിയർ, പത്തനംതിട്ട | 17/07/2024 | 19/07/2024 മുതൽ 18/07/2025 വരെ |
| 2 | ശ്രീരാജ്.ആർ<br><br>ഡിസ്ട്രിറ്റ് ലെവൽ സിവിൽ എഞ്ചിനിയർ, കൊല്ലം | 02/08/2024 | 05/08/2024 മുതൽ 04/08/2025 വരെ |
| 3 | സാവന്ത് ഇ<br>ഡിസ്ട്രിറ്റ് ലെവൽ സിവിൽ എഞ്ചിനിയർ, കോഴിക്കോട് | 02/08/2024 | 05/08/2024 മുതൽ 04/08/2025 വരെ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(സിഇഒ ലൈഫ് മിഷൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/160/2023-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-11-2024 16:12:18
സെക്ഷൻ ഓഫീസർ